**കേരള സർക്കാർ**

റവന്യൂ (ദേവസ്വം) വകുപ്പ്

നമ്പർ: 35346/ദേവ.2/08/ആർ.ഡി. തിരുവനന്തപുരം, തീയതി : 23.06.08

**സർക്കുലർ**

വിഷയം : ആനകളുടെ പരിപാലനം - ക്ഷേത്രങ്ങളിൽ ഉത്സവങ്ങളുമായി ബന്ധപ്പെട്ടു പാലിക്കേണ്ട നിർദ്ദേശങ്ങൾ

ആന പരിപാലനവുമായി ബന്ധപ്പെട്ട് 14.05.08-ൽ ബഹുമാനപ്പെട്ട സഹകരണ കയർ ദേവസ്വം വകുപ്പു മന്ത്രി കേരളത്തിലെ ദേവസ്വം അധികാരികളുമായി നടത്തിയ യോഗത്തിലും, ബഹുമാനപ്പെട്ട വനം വകുപ്പു മന്ത്രി, വനം വകുപ്പ് ഉദ്യോഗസ്ഥർ, ആന ഉടമസ്ഥർ, ആനപ്രേമികൾ, ശ്രീമതി. സുഗതകുമാരി ടീച്ചർ എന്നിവരുമായി നടത്തിയ യോഗത്തിലുമായി താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയുണ്ടായി. ഈ തീരുമാനങ്ങൾ ദേവസ്വം ബോർഡുകളുടെയും ദേവസ്വം മാനേജിംഗ് കമ്മിറ്റികളുടെയും ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിന്റെയും കീഴിലുള്ള ക്ഷേത്രങ്ങളിൽ അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

**തീരുമാനങ്ങൾ:-**

1. പരമ്പരാഗത പൂരങ്ങളല്ലാതെ പുതിയ പൂരങ്ങൾ തുടങ്ങാനുള്ള പ്രവണത അവസാനിപ്പിക്കുക. നിലവിലുള്ള പൂരത്തിന് ആനകളുടെ എണ്ണം കൂട്ടാതിരിക്കുക. പുതിയത് അനുവദിക്കില്ല.
2. ഉത്സവകാര്യങ്ങൾ നിയന്ത്രിക്കാൻ ജില്ലാ കളക്ടർ, ജില്ലാ പോലീസ് സൂപ്രണ്ട്, ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസർ, ദേവസ്വം ബോർഡ് മെമ്പർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കുക.
3. ആനകൾക്ക് പോലീസിന്റെയും, ഉത്സവ വോളന്റിയർമാരുടെയും സഹായത്തോടെ ഒരു സുരക്ഷാവലയം ഉണ്ടാക്കുക.
4. തീവെട്ടി ആനകൾക്ക് ചൂട് ഏൽക്കാത്തവിധം മാറ്റി പിടിക്കാൻ കർശന നടപടി എടുക്കുക.
5. ആനകൾക്ക് ആവശ്യാനുസരണം ആഹാരവും വെള്ളവും നല്കുക, കാലിൽ ചൂട് ഏൽക്കാതിരിക്കാൻ നനഞ്ഞ തറയിൽ (ചാക്കിൽ) നിറുത്തുക.
6. പാപ്പാൻമാർ മദ്യപിച്ചുകൊണ്ട് ആനകളെ ഉത്സവത്തിന് കൊണ്ടുപോകുക, അവയെ ഉപദ്രവിക്കുക എന്നിവ കർശനമായും അവസാനിപ്പിക്കുക.
7. ആന ഊട്ട് ശാസ്ത്രീയമായ രീതിയിൽ നൽകുക.
8. ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ആനകളെ ആനിമൽ വെൽഫെയർ ബോർഡിൽ രജിസ്റ്റർ ചെയ്യുക.
9. ഉത്സവാഘോഷങ്ങൾക്കിടയിൽ എഴുന്നള്ളിപ്പിനോടനുബന്ധിച്ച് പൊതുജനങ്ങളിൽനിന്നും ആനകൾക്ക് പ്രകോപനമോ, ശല്യമോ ഉണ്ടാകാതിരിക്കാൻ മതിയായ സംരക്ഷണം ബന്ധപ്പെട്ട ദേവസ്വം ബോർഡ്/ഉത്സവ കമ്മിറ്റിക്കാർ സ്വീകരിക്കേണ്ടതാണ്. ഇതിനായി ആന ഉടമകൾ ടി കമ്മിറ്റിക്കാരുമായി ഒരു ബോണ്ട്/ ഉടമ്പടി ഒപ്പ് വയ്ക്കേണ്ടതാണ്.
10. ആന ഇടഞ്ഞുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തേർഡ് പാർട്ടി ഇൻഷുറൻസ് മാതൃകയിൽ ആനയെ ഇൻഷുർ ചെയ്യേണ്ടതാണ്.
11. ആന പരിപാലന ചട്ടങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

12. എലിഫെന്റ് സ്ക്വാഡിലെ വെറ്ററിനറി സർജൻമാരുടെ സേവനം പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്.

13. ആന എഴുന്നള്ളത്തിന്റെ വിവരങ്ങൾ 72 മണിക്കൂർ മുമ്പായി ബന്ധപ്പെട്ട ഫോറസ്റ്റ് റെയ്ഞ്ചറെയും സ്റ്റേഷൻ ഹൗസ് ഓഫീസറെയും അറിയിക്കേണ്ടതാണ്.

14. എഴുന്നള്ളിക്കേണ്ട എല്ലാ ആനകൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.

15. അഞ്ചിൽ കൂടുതൽ ആനകളെ എഴുന്നള്ളിക്കുമ്പോൾ പബ്ലിക് ലയബിലിറ്റി ഇൻഷുറൻസ് നിർബന്ധമാക്കുക.

16. മുമ്പ് ഉത്സവത്തിന് എഴുന്നള്ളിക്കുമ്പോൾ ഇടഞ്ഞിട്ടുള്ള ആനകളെ ഒഴിവാക്കണം.

17. പാപ്പാൻമാരുടെ പരിശീലനം ശക്തിപ്പെടുത്തുക, പാപ്പാൻമാർക്ക് ഗുരുവായൂർ ദേവസ്വത്തിന് കീഴിൽ പ്രവർത്തിക്കുന്ന ആന പരിശീലന കേന്ദ്രത്തിൽനിന്നും പരിശീലനം നല്കുക.

18. ലൈസൻസ്, ഇൻഷുറൻസ് എന്നിവയില്ലാത്ത ആനകളെ എഴുന്നള്ളത്തിന് ഉപയോഗിക്കരുത്.

19. ചീഫ് വൈൽഡ് ലൈഫ് വാർഡൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ കർശമായി പാലിക്കുക.

20. ആനകളെ ഉപദ്രവിക്കുന്നവർക്കെതിരെ കർശന നടപടി എടുക്കുക.

21. ആനയെ ഒരു ദിവസം 20 കിലോമീറ്ററിൽ കൂടുതൽ നടത്താൻ പാടുള്ളതല്ല.

22. തുടർച്ചയായി മൂന്ന് മണിക്കൂറിൽ കൂടുതൽ ആനയെ എഴുന്നള്ളിക്കാനും പാടുള്ളതല്ല.

23, മിനിമം 12 അടി നീളമുള്ള ട്രക്കിൽ/ലോറിയിൽ വേണം ആനകളെ കൊണ്ടുപോകുവാൻ.

24. ഒരു ദിവസം തുടർച്ചയായി 150 കിലോമീറ്ററിൽ കൂടുതൽ ആനകളെ ലോറിയിൽ കൊണ്ടുപോകാൻ പാടുള്ളതല്ല.

25. തുടർച്ചയായി 6 മണിക്കൂറിൽ കൂടുതൽ ലോറികളിൽ ആനകളെ കൊണ്ടുപോകാൻ പാടുള്ളതല്ല.

26. 8 മണിക്കൂർ ലോറിയിൽ/ട്രക്കിലുള്ള യാത്രയ്ക്കുശേഷം 6 മണിക്കൂർ ആനയ്ക്ക് വിശ്രമം കൊടുക്കണം.

(ഒപ്പ്)

കെ. ജയകുമാർ,

അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ ദേവസം ബോർഡുകൾക്കും
ദേവസ്വം മാനേജിംഗ് കമ്മിറ്റികൾക്കും
ഹിന്ദുമത ധർമ്മ സ്ഥാപന(ഭരണ) വകുപ്പ് മേധാവിക്കും
ജില്ലാ കളക്ടർമാർക്കും
പബ്ലിക് റിലേഷൻസ് വകുപ്പ്
ദേവസ്വം മന്ത്രിയുടെ ഓഫീസ്

ആജ്ഞാനുസരണം/അയയ്ക്കുന്നത്

(ഒപ്പ്)

സെക്ഷൻ ഓഫീസർ